**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - കാസറഗോഡ് ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ തിരുവനന്തപുരം നഗരകാര്യ ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. രമ്യ തൈവളപ്പിലിന് കാസറഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**222/2017/**തസ്വഭവ തീയതി, തിരുവനന്തപുരം,27/01/2017.

---

പരാമർശം : 1. 06.02.2013 ലെ സ.ഉ(പി) 05/13/ഉഭപവ നമ്പർ ഉത്തരവ്.
2. ശ്രീമതി. രമ്യ തൈവളപ്പിലിന്റെ 28.11.2015 ലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 28.11.2015 ലെ ഇ 1-8365/15 നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 12.01.2016 ലെ ഇ 6- 39678/15 നമ്പർ കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ തിരുവനന്തപുരം നഗരകാര്യ ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ 29.09.2014 മുതൽ ജോലി ചെയ്യുന്ന ശ്രീമതി. രമ്യ തൈവളപ്പിൽ കാസറഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പരാമർശം 1 ലെ ഉത്തരവിലെ ഖണ്ഡിക 3 (viii)ലെ വ്യവസ്ഥകൾ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമിതനായ ജീവനക്കാരന് 5 വർഷ നിബന്ധനയില്ലാതെ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിയ്ക്കാവുന്നതാണ്. എന്നാൽ ടി ഉദ്യോഗസ്ഥന്റെ സേവനം ക്രമവല്ക്കരിച്ചതിന് ശേഷം മാത്രമേ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ. ശ്രീമതി. രമ്യ തൈവളപ്പിലിന്റെ ക്ലാർക്ക് തസ്തികയിലെ സേവനം ക്രമവൽക്കരിച്ചിട്ടുണ്ട്. കൂടാതെ നഗരകാര്യ ഡയറക്ടറേറ്റിന് കാസറഗോഡ് ജില്ലയിൽ ഓഫീസുകൾ ഇല്ലാത്തതിനാൽ ശ്രീമതി. രമ്യ തൈവളപ്പിലിനെ പഞ്ചായത്ത്

വകുപ്പിലേക്ക് വിട്ടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടറും ടിയാൾക്ക് അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് കാസറഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിശ്ചിത ശതമാന പരിധിയിൽ ഒഴിവ് നിലവിലുള്ളതായി കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ തിരുവനന്തപുരം നഗരകാര്യ ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി രമ്യ തൈവളപ്പിലിന് കാസറഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീമതി. രമ്യ തൈവളപ്പിൽ പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, നഗരകാര്യ ഡയറക്ടറേറ്റ് തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.
ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് ( 28.10.2016 ലെ 140/ബി2/2016/ഉഭപവ നമ്പർ കുറിപ്പ് പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്( ഫയൽ നം. EPA1/66/2016/തസ്വഭവ)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ